<u>**15 -ാം കേരള നിയമസഭ**</u>

<u>**10 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1201**</u> <u>**31-01-2024 - ൽ മറുപടിയ്ക്ക്**</u>

<u>**കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിന്റെ നിർമ്മാണം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി ഏതൊക്കെ പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇവിടെ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദമാക്കാമോ; ഈ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ; | (എ) | നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരം ചുവടെച്ചേർക്കുന്നു:<br><br>മുൻ എം.എൽ.എ ശ്രീ. സൈമൺ ബ്രിട്ടോയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് 23.00 ലക്ഷം രൂപയുടെ ഒരു ഗ്രന്ഥശാലാ മന്ദിരം നഗരസഭയുടെ ആഭിമുഖ്യത്തിൽ പണികഴിപ്പിച്ചു.<br><br>ശ്രീ.സി.കെ.സദാശിവൻ മുൻ എം.എൽ.എയുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ചെലവഴിച്ച് മാലിന്യം നിറഞ്ഞ് ചതുപ്പായി കിടന്ന തടാകത്തിന്റെ വശങ്ങളിൽ മണ്ണിട്ട് ദീർഘ ചതുരാകൃതിയിലുള്ള ഒരു കുളമായി രൂപപ്പെടുത്തുകയും ചുറ്റുമുള്ള സ്ഥലം കരഭൂമിയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 300 ലക്ഷം രൂപ ചെലവഴിച്ച് കുളം പടവുകളും ചുറ്റുമതിലും പണിയുകയും കൃത്രിമ തടാകത്തിൽ 3 പെഡൽ ബോട്ടുകൾ സജ്ജമാക്കുകയും ചെയ്തു. തടാകത്തിനു ചുറ്റും നടപ്പാത, സൈക്ലിംഗ് ട്രാക്ക് എന്നിവയും ഒരു ഓപ്പൺ ഗാലറി, ഓഫീസ് കഫറ്റേരിയ എന്നിവയുള്ള കെട്ടിടങ്ങളും നിർമ്മിച്ചു.<br><br>മുൻ എം. പി ശ്രീമതി.സി.എസ്. സുജാതയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ വിനിയോഗിച്ച് ഒരു ഓപ്പൺ എയർ ഓഡിറ്റോറിയം സ്ഥാപിച്ചിട്ടുണ്ട്.<br><br>203/90-2 സർവ്വേ നമ്പരിൽ ഉൾപ്പെട്ട 1.57.96 ഹെക്ടർ (390.31 സെന്റ്) സർക്കാർ പുറമ്പോക്ക് ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറി കിട്ടുകയും ഇവയെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 300 ലക്ഷം രൂപ ചെലവിട്ട് പൊതുമരാമത്ത് വകുപ്പ് ഒരു കാർട്ടൂൺ മ്യൂസിയ കെട്ടിട സമുച്ചയം സ്ഥാപിക്കുകയും ആയത് കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരികയുമാണ്. |

700 ലക്ഷം രൂപയോളം ചെലവഴിച്ച് നിർമ്മിച്ച സാംസ്കാരിക കേന്ദ്രം 25.02.2019 ന് ഉദ്ഘാടനം ചെയ്തു.

26.03.2020 ന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് 20,000/- രൂപ സാംസ്കാരിക വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

കൃഷ്ണപുരം സാംസ്കാരിക സാഹസിക വിനോദകേന്ദ്രത്തിൽ കൃത്രിമ തടാകവും അതിൽ മൂന്ന് ഫൈബർ ബോട്ടുകളും ലൈഫ് ജാക്കറ്റുകളും ഒരുക്കിയിട്ടുണ്ട്. തടാകത്തിനു ചുറ്റും കരിങ്കല്ല് കൊണ്ടുണ്ടാക്കിയ അലങ്കാരപ്പണികൾ, പുൽത്തകിടികൾ, തടാകത്തിലേയ്ക്ക് നീളത്തിലുള്ള കൽപ്പടവുകൾ, തടാകത്തിന് ചുറ്റും 2 മീറ്റർ വീതിയിലുള്ളതും ഇടയ്ക്കിടയക്ക് പുല്ല് പിടിപ്പിച്ചതുമായ നാച്ചുറൽ സ്റ്റോൺ വർക്ക് ചെയ്ത നടപ്പാതയും ഒരുക്കിയിട്ടുണ്ട്. വിനോദ വിശ്രമം ലക്ഷ്യമിടുന്ന 2 നിർമ്മിതികളും വാളേന്തി കുതിരപ്പുറത്ത് കയറാൻ നിൽക്കുന്ന ഭടന്റെ പ്രതിമയും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.

2020-21 ബജറ്റിൽ 3 കോടി രൂപ സാംസ്കാരിക സാഹസിക വിനോദകേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

കായംകുളം കൃഷ്ണപുരം സാഹസിക വിനോദ കേന്ദ്രം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായി കോമ്പൗണ്ട് വാൾ നിർമ്മാണത്തിന് 88.4 ലക്ഷം രൂപയുടേയും മഴവെള്ളം ഒഴുക്കി വിടുന്നതിനുള്ള ഓട നിർമ്മാണത്തിന് 40.50 ലക്ഷം രൂപയുടേയും എസ്റ്റിമേറ്റ് അനുസരിച്ച് നിലവിലെ ചട്ടങ്ങൾ പാലിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് നിർമ്മാണം പൂർത്തീകരിക്കുകയും 27.11.2020ന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് കൈമാറി നൽകുകയും ചെയ്തിട്ടുണ്ട്.

സാംസ്കാരിക കേന്ദ്രത്തിന്റെ ചുറ്റുമതിൽ, ഓട നിർമ്മാണം, തോപ്പിൽഭാസി ആഡിറ്റോറിയം നിർമ്മാണം എന്നിവയുടെ PWD യുടെ എസ്റ്റിമേറ്റ് തുകയായ 2,06,15,384/- രൂപ ടി ഓഡിറ്റോറിയത്തിന്റെ ഡിസൈനിംഗിന് ഏൽപ്പിച്ച വാസ്തുവിദ്യാ ഗുരുകുലം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2021-22 ൽ ടി നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ആദ്യ ഗഡുവായി 50,00,000/- രൂപ വാസ്തുവിദ്യാ ഗുരുകുലത്തിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ വാസ്തുവിദ്യാ ഗുരുകുലം അക്രഡിറ്റഡ് ഏജൻസിയല്ലാത്തതിനാൽ ടി സ്ഥാപനം കേരള സംസ്ഥാന കോസ്റ്റൽ ഏരിയ

| | | | |
|---|---|---|---|
| | | | ഡെവലപ്മെന്റ് കോർപ്പറേഷനെ ഏൽപ്പിക്കുകയും ടി കോർപ്പറേഷനുമായി വാസ്തുവിദ്യാ ഗുരുകുലം ഉഭയകക്ഷി കരാർ ഒപ്പുവെയ്ക്കുകയും തുടർന്ന് ആകെ എസ്റ്റിമേറ്റ് തുകയായ 41,23,077/- രൂപ 20.03.2023 ന് കൈമാറുകയും ചെയ്തു. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ? | (ബി) | വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ